കേരള സർക്കാർ

# ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.12)1924/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട്-682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത്

തീയതി : 08.12.2016

സർ,

വിഷയം : ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്ത ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം(പി.12)1924/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട്–682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 08.12.2016

## എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 *ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ്* 215(4) , 1994 *ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ്* 13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം* 18 *എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.*)

എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 14.10.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 09 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ് രാജു,<br>ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.11.2016 മുതൽ 22.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സി.ആർ. ജയ,<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി. എം. ടെസി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എൻ.എം. സജീവ് , ഓഡിറ്റർ(സീ.ഗ്രേ.) |
| | ശ്രീ. എം. സന്തോഷ് കുമാർ , ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മണി ടീച്ചർ | 01.04.2015മുതൽ31.10.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ18.11.2015വരെ |
| | ശ്രീ എ.എം. ഇസ്മയിൽ | 19.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ശ്രീ ഷിബു എം.കെ. | 01.04.2015മുതൽ31.03.2016വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫിസർ | ശ്രീമതി ഷീന ടി.സി | 01.04.2015മുതൽ31.03.2016വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി രചന.പി.എം | 01.04.2015മുതൽ31.03.2016വരെ |
| വി.ഇ.ഒ | ശ്രീ.റിബു വർഗ്ഗീസ് | 01.04.2015മുതൽ31.03.2016വരെ |
| എൽ.വി.ഇ.ഒ | ശ്രീമതി.ഷൈമ.എസ്.എം | 01.04.2015മുതൽ24.09.2015വരെ |
| | ശ്രീമതി ടെസി.ഇ.ഫ് | 25.09.2015മുതൽ31.03.2016വരെ |
| I.C.D.S.സൂപ്പർവൈസർ | ശ്രീമതി മിനി.ദാമോദരൻ | 01.04.2015മുതൽ31.03.2016വരെ |
| അസി.എഞ്ചിനിയർ | ശ്രീമതി അനു.ടി.ഡി. | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ.ഷിനിൽ | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.മുരുകൻ | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സുഭാന.ബി | 01.04.2015മുതൽ31.03.2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സുനിൽകുമാർ | 01.04.2015മുതൽ31.03.2016വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.സന്തോഷ് വി.കെ | 01.04.2015മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | സാമൂഹ്യക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം - 2 | |
| 11 | കെട്ടിട നികുതി നിർണ്ണയിച്ചതിലെ അപാകത | 2-1 |
| 12 | തൊഴിൽ നികുതി -അപാകതകൾ. | 2-2 |
| | ഭാഗം - 3 | |
| 13 | 9ാം വാർഡിൽ എൽ.ഇ.ഡി ഇൻസ്റ്റലേഷൻ – അപാകത | 3-1 |
| 14 | മരുന്ന് ലഭ്യമാക്കിയില്ല - ചെലവ് തടസ്സപ്പെട്ടുത്തുന്നു | 3-2 |

| | | |
|---|---|---|
| 15 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 |
| 16 | വീടിന് സ്ഥലം വാങ്ങിയതിലെ അപാകത - ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 17 | ഓട്ടോറിക്ഷ വാങ്ങിയതിലെ അപാകത - ചെലവ് തടസ്സപ്പെടുത്തുന്നു | 3-5 |
| 18 | ചേന്ദമംഗലം വി ഇ ഒ - രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. | 3-6 |
| | ഭാഗം - 4 | |
| 19 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 20 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 22 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 24 | ഓഡിറ്റ് റിക്കവറി | 4-6 |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 26 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 29 | ഓഡിറ്റ് സാക്ഷ്യപത്രം - 2015-16 | അനുബന്ധം.1 |
| 30 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 31 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 32 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 21.03.2015 ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. വസ്തു നികുതി, തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് ഫീ എന്നീ ഇനങ്ങളിലെ ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു:-

| ഇനം | ബജറ്റ് പ്രകാരമുള്ള വരവ് | യഥാർത്ഥ വരവ് | വ്യത്യാസം % |
|---|---|---|---|
| വസ്തു നികുതി | 52,00,000 | 18,53,426 | 36% |
| തൊഴിൽ നികുതി | 13,00,000 | 10,59,040 | 81% |
| ഡി&ഒ ലൈസൻസ് ഫീ | 60,000 | 22,930 | 38% |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 21.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,89,38,381 |
| വരവ് | 3,89,31,523 |
| ആകെ | 5,78,69,904 |
| ചെലവ് | 4,60,04,306 |
| നീക്കിയിരിപ്പ് | 1,18,65,598 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP40b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2062252 | 6504662 | 8566914 | 11441709 | 2874795 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 1046091 | 3124284 | 4170375 | 4170375 | - | 0 |
| വികസനഫണ്ട് (ടി.എസ്.പി) | - | 2000 | 2000 | 2000 | - | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 153833 | 4612672 | 4766505 | 4766505 | - | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 857202 | 2087626 | 2944828 | 2944828 | - | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 783999 | 5126955 | 5910954 | 5910954 | - | 0 |
| ലോക ബാങ്ക് സഹായം | 2918249 | 1532283 | 4450532 | 4450532 | - | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 135 | 112 | 10 | 13 | 82.96 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫിസർ | 5 | 5 | 499936 | 499936 | 100 |
| വെറ്ററിനറി സർജൻ | 3 | 3 | 459541 | 459541 | 100 |
| മെഡിക്കൽ ഓഫിസർ, പി.എച്ച്.സി | 1 | 1 | 380850 | 380850 | 100 |
| മെഡിക്കൽ ഓഫിസർ, ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫിസർ,ആയുർവേദം | 2 | 2 | 300000 | 300000 | 100 |
| വി.ഇ.ഒ | 14 | 10 | 1962464 | 1911000 | 97 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 11981695 | 11981695 | 100 |
| സെക്രട്ടറി | 31 | 18 | 8901717 | 5653710 | 63.51 |
| എച്ച്.എം, ജി.യു.പി.എസ് | 6 | 6 | 1139219 | 1139209 | 99.99 |
| എൽ.വി.ഇ.ഒ | 15 | 15 | 8423000 | 8123000 | 96.44 |
| അസി. എഞ്ചിനീയർ എൽ.എസ്.ജി.ഡി | 52 | 46 | 13357247 | 10823958 | 81 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 250002 | 250000 | 99.99 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5257967 | 3014313 | 2243654 | -57.33 |
| നികുതിയേതര വരവുകൾ | 762969 | 711645 | 51324 | -93.27 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 20242 | 49599 | (+) 29357 | 245(+) |
| ആകെ | 6041178 | 3775557 | 2265621 | 37.50% |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി.

| നം. | പദ്ധതി | **2015-16**ൽ ലഭിച്ച അപേക്ഷ കൾ | നിശ്ചിത ദിവസ ത്തിനകം തീരുമാന | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|

| | | | മെടുത്തവ | | |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 13 | 13 | 0 | - |
| 2 | തൊഴിൽ രഹിത വേതനം | 9 | 8 | 1 | - |
| 3 | വിധവാ പെൻഷൻ | 105 | 103 | 2 | - |
| 4 | വികലാംഗപെൻഷൻ | 26 | 24 | 2 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12 | 11 | - | ബന്ധപ്പെട്ട രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല |
| 6 | വാർദ്ധക്യകാല പെൻഷൻ | 965 | 854 | 64 | ബന്ധപ്പെട്ട രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖ പരിശോധിച്ച് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കേണ്ടതാണ്. |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2016ന് 3 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 11190/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 06.09.2016 | 01.08.16 to 30.08.16 | 05.10.16 |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 27.01.12 | 2010-11 | 23.03.2012 |

## 1-11 ഓഡിറ്റ് ഇംപാക്ട്

1. കൃഷി ഓഫീസർ പിരിച്ചെടുത്ത് അടവാക്കിയതിൽ കറവ്വ വന്ന 110/- രൂപ ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് 21.10.16.-ലെ 11608102602-ാം നമ്പർ രസീതി പ്രകാരം അടവാക്കിയിട്ടുണ്ട്.

2. എൽ.വി.ഇ.ഒ പിരിച്ചെടുത്ത് അടവാക്കിയതിൽ കറവ്വ വന്ന 500/- രൂപ ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് 21.10.16.-ലെ 11608102612-ാം നമ്പർ രസീത് പ്രകാരവും അടവാക്കിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നികുതി നിർണ്ണയിച്ചതിലെ അപാകത.

2015-16 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി നിർണ്ണയിച്ചതിൽ താഴെ പറയുന്ന വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്ക് ഈടാക്കിയതുമൂലം ഉണ്ടായ 4539/- രൂപയുടെ നഷ്ടം ഉത്തരവാദികളായ വ്യക്തികളിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

| നം | കെട്ടിട നമ്പർ | വിസ്തീർണ്ണം | നിരക്ക് | അടിസ്ഥാന നികുതി | 20 % വർധനയ്ക്ക് ശേഷം നിർണ്ണയിക്കേണ്ട നികുതി | നികുതി നിർണ്ണയിച്ച നിരക്ക് | വർധനയ്ക്ക് ശേഷം നിർണ്ണയിച്ച നികുതി | വാർഷിക നികുതി നഷ്ടം | 2015-16 സാമ്പത്തിക വർഷത്തിൽ നഷ്ടം |
|---|---|---|---|---|---|---|---|---|---|
| 1 | 6/135-A കെ സി മണി | 176.52 | 60 | 10591 | 12709 | 40 | 8448 | 4261 (II nd Half only) | 2,131 |
| 2 | 6/135-C കെ സി മണി | 200.6 | 60 | 12036 | 14443 | 40 | 9627 | 4816 (II nd Half only) | 2,408 |
| ആകെ | | | | | | | | | 4,539 |

## 2-2 തൊഴിൽ നികുതി -അപാകതകൾ.

സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററുകൾ തയ്യാറാക്കുന്നില്ല.തൊഴിൽ നികുതി ഈടാക്കുന്നതിന് 1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ 10, 13 പ്രകാരം നോട്ടീസ് നൽകി അതു പ്രകാരം നികുതി നിശ്ചയിച്ച് ഈടാക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്. 2015-16 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| നം. | കെട്ടിട നം | സ്ഥാപനം | ഉടമസ്ഥൻ |
|---|---|---|---|
| 1 | VII/306 | മരിയൻ പേപ്പർ കണ്ടെയ്നർ (പി)ലിമിറ്റഡ് | കെ. കെ. ജോയ് |
| 2 | XI/428 | ത്രിവേണി സൂപ്പർ മാർക്കറ്റ് | മാനേജിംഗ് ഡയറക്ടർ |
| 3 | XIV/243 | കാറ്റ് എഞ്ചിനീയറിംഗ് | മാനേജിംഗ് ഡയറക്ടർ |
| 4 | VII/293 | ഫെറസ് ട്രേഡേഴ്സ് | ഫൈസൽ അബ്ദുൾ സമദ് |
| 5 | X/477 | ചാം പ്രൂഫ് കൺസ്ട്രക്ഷൻ | അനീഷ്. എൻ. |

ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| നം | കെട്ടിട നം | സ്ഥാപനം | ഉടമസ്ഥൻ | തൊഴിൽനികുതി ഈടാക്കേണ്ട കാലയളവ് |
|---|---|---|---|---|
| 1 | VII/306 | മരിയൻ പേപ്പർ കണ്ടെയ്നർ (പി)ലിമിറ്റഡ് | കെ കെ ജോയ് | I & II അർദ്ധ വർഷം |

| | | | | |
|---|---|---|---|---|
| 2 | XI/428 | ത്രിവേണി സൂപ്പർ മാർക്കറ്റ് | മാനേജിംഗ് ഡയറക്ടർ | I & II അർദ്ധ വർഷം |
| 3 | XIV/243 | കാറ്റ് എൻജിനീയറിംഗ് | ലിൻസി തോംസി | I & II അർദ്ധ വർഷം |
| 4 | VII/293 | ഫെറസ് ട്രേഡേർസ് | ഫൈസൽ അബ്ദുൾ സമദ് | I & II അർദ്ധ വർഷം |
| 5 | VII/307 | കെ ജെ പ്രതിഷ് | കുര്യൻ കളർ പാക്കിംഗ് | I & II അർദ്ധ വർഷം |
| 6 | V/352 | സി സി സെബാസ്റ്റ്യൻ | പോളി പ്ളാസ്റ്റ് | I & II അർദ്ധ വർഷം |
| 7 | X/477 | ചാം പ്രൂഫ് കൺസ്ട്രക്ഷൻ | അനീഷ്. എൻ. | I & II അർദ്ധ വർഷം |

ഈ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2015-2016 സാമ്പത്തിക വർഷത്തെ BSNL ഓഫീസിന്റെ സ്ഥാപന തൊഴിൽ നികുതിയും റൂറൽ ഹൗസിംഗ് സൊസൈറ്റി എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 9ാം വാർഡിൽ എൽ.ഇ.ഡി ഇൻസ്റ്റലേഷൻ - അപാകത

പ്രോജക്ട് നം:S0131/15
പ്രോജക്ടിന്റെ പേര് : 9ാം വാർഡിൽ എൽ.ഇ.ഡി ഇൻസ്റ്റലേഷൻ
അടങ്കൽ തുക 400000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി
ചെലവഴിച്ച തുകയുടെ വിവരം .ബിൽ നം14/15-16/30.08.15 തുക-399999/-

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 9ാം വാർഡിലെ വിവിധ പ്രദേശങ്ങളിൽ എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കുന്ന പ്രോജക്ട് നടപ്പാക്കുന്നതിതിന്റെ ഭാഗമായി 151 എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ നടപടി സ്വീകരിക്കുകയും എറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സോളാർ എനർജി, പാലക്കാട് എന്ന സ്ഥാപനത്തിന് 16.06.2015ലെ പർച്ചേസ് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിന് അംഗീകാരം നല്കുകയും ചെയ്തു. സോളാർ എനർജി, പാലക്കാടുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം കമ്പനി ഓരോ എൽ.ഇ.ഡി ബൾബുകൾക്കും 24 മാസത്തെ വാറന്റി നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഷീല ജോൺ, പഞ്ചായത്ത് മെമ്പർ എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചതിൽ അപാകതയുള്ളതായി പരാതി നല്കിയിട്ടുണ്ട് (12.08.2016ലെ A1-7933/16.08.2016 പ്രകാരമുള്ള). മേൽ പരാതിയിൽ 9ാം വാർഡിൽ പദ്ധതി പ്രകാരം നടപ്പിലാക്കിയെന്ന് പറയുന്ന 151 എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ചു എന്ന് രേഖകൾ ഉണ്ടെങ്കിലും ഭൗതികമായി മുഴുവൻ എൽ.ഇ.ഡി. ബൾബുകളും സ്ഥാപിച്ചതായി കാണുന്നില്ല എന്ന് സൂചിപ്പിക്കുന്നു. കൂടാതെ എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ചതിൽ പലതും പ്രവർത്തനരഹിതവുമാണെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മേൽ പരാതിയിൽ അന്വേഷണം നടത്തിയതായോ കമ്പനിക്കെതിരെ നടപടി സ്വീകരിച്ചതായോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകത കാണിച്ച് എൻക്വയറി (നം.6 തീയതി 20.10.2016) നല്കിയതിന് ലഭ്യമാക്കിയ മറുപടിയിൽ 8 എൽ.ഇ.ഡി. ബൾബുകൾ കമ്പനി മാറ്റി നൽകിയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിൽ അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 മരുന്ന് ലഭ്യമാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം: S009/15
പ്രോജക്ടിന്റെ പേര് : മരുന്ന് വാങ്ങൽ
അടങ്കൽ തുക – ₹.100000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫിസർ
ചെലവഴിച്ച തുകയുടെ വിവരം – ബിൽ നം1/15-16/13.10.15 തുക-100000/-

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് 100000/- രൂപ നൽകിയെങ്കിലും നാളിതു വരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. സമയബന്ധിതമായി മരുന്ന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭിക്കുന്നതു വരെ മേൽ തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2015-16 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ താഴെപ്പറയും പ്രകാരം 184000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | തുക നല്കിയ സ്ഥാപനം | വർഷം | ബിൽനമ്പർ /തീയതി | ചെലവ് തുക |
|---|---|---|---|---|---|
| 35/16 | കുന്നത്തുതളി എസ്.സി. കോളനിയിലേക്ക് വാട്ടർകണക്ഷൻ | KWA | 2015-16 | 3/15-16 /15.07.15 | 1,46,000 |
| 77/16 | ഘടക സ്ഥാപനങ്ങൾക്ക് വാട്ടർ കണക്ഷൻ | KWA | 2015-16 | 13/15-16 /19.08.15 | 38,000 |
| ആകെ | | | | | 1,84,000 |

## 3-4 വീടിന് സ്ഥലം വാങ്ങിയതിലെ അപാകത - ചെലവ് തടസ്സപ്പെടുത്തുന്നു

വി.ഇ.ഒ., ചേന്ദമംഗലം നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ എസ്. 021/16 പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു വനിതക്ക് സ്ഥലം വാങ്ങുന്നതിന് 1,50,000/- രൂപ (ബിൽ നമ്പർ 21/17-2-2016) നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താവായ ശ്രീമതി വിദ്യ. കെ. എസ്. എന്നയാൾ ഒരു അപേക്ഷ പോലും നൽകിയിട്ടില്ല. ജാതി സ്റ്റിഫിക്കറ്റ്, ശൂന്യമായ ഒരു മുദ്രപ്പത്രം എന്നിവയാണ് ഫയലിൽ ഉള്ളത്. വീട് വയ്ക്കുന്നതിനാവശ്യമായ സ്ഥലം പരമ്പരാഗത കുടുംബ സ്വത്തായി ലഭിക്കാൻ സാദ്ധ്യതയില്ലെന്നുള്ള രേഖയില്ല. ഭൂമി വാങ്ങുന്നത് ഗുണഭോക്താവിന്റെയും ഭർത്താവിന്റെയും പേരിലായിരിക്കണം. സബ്സിഡി തുക സ്ഥലം വിറ്റ ആളിന്റെ പേരിൽ അക്കൗണ്ട് പേയീ ചെക്ക് ആയി നൽകണം. എന്നാൽ ഭൂമി വാങ്ങിയ ആധാരത്തിന്റെ പകർപ്പ്, സബ്സിഡി തുക ചെക്ക് ആയി നൽകിയതിന്റെ കോപ്പി എന്നിവയൊന്നും തന്നെ ഫയലിൽ ഇല്ല. ഇതു സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.8) നൽകിയെങ്കിലും യാതൊരു രേഖകളും ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ ഈയിനത്തിൽ ചെലവാക്കിയ 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 ഓട്ടോറിക്ഷ വാങ്ങിയതിലെ അപാകത - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ എസ് 063/15 പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 6 പേർക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനായി ആകെ 3,00,000/- രൂപ ചെലവാക്കിയിട്ടുണ്ട്. ബിൽ നമ്പർ11/22-12-15 പ്രകാരം ₹.20,000/-, ബോബൻ പുതിയവീട്ടിൽ, സുബിൻ വല്ലത്തു തൈവളപ്പിൽ, ഉണ്ണികൃഷ്ണൻ കുറുപ്പന്തറ, സുരേന്ദ്രൻ മണപ്പറമ്പിൽ എന്നീ നാലു പേർക്കും ബിൽ നമ്പർ 16/16-1-2016 പ്രകാരം ₹.1,00,000/- ഉണ്ണികൃഷ്ണൻ കാരയിൽ, സനിൽകുമാർ ഈട്ടുമ്മൽ എന്നീ രണ്ടു പേർക്കുമാണ് നൽകിയിട്ടുള്ളത്. ഇതിൽ ബോബൻപുതിയവീട്ടിൽ, ഉണ്ണികൃഷ്ണൻ കാരയിൽ, എന്നീ രണ്ടുപേർ ഒട്ടോറിക്ഷ വാങ്ങിയതിന്റെ യാതൊരു തെളിവുകളും ഇല്ല. ഇവർക്ക് ബാങ്ക് വായ്പ നൽകിയതിന്റെയോ, സബ്സിഡി തുക ബാങ്ക് കൈപ്പറ്റിയതിന്റെയോ രേഖകൾ ഇല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയിട്ടില്ല. അത്യാവശ്യം വേണ്ട മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കാത്തതിനാൽ ഇവർക്ക് രണ്ടുപേർക്കുമായി നൽകിയ 1,00,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

മേൽപ്പറഞ്ഞതിൽ പലരും അപേക്ഷ പോലും വച്ചിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ആരും തന്നെ പേര് രജിസ്റ്റർ ചെയ്ത രേഖയും ഇല്ല. ജാതി സർട്ടിഫിക്കറ്റ്, ശൂന്യമായ മുദ്രപ്പത്രം, ഡ്രൈവിംഗ് ലൈസൻസ് മുതലായ ഏതാനും രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ബാങ്ക് സബ്സിഡി തുക കൈപ്പറ്റിയതിന്റെ രേഖകളും ആരുടെയും ഇല്ല. ചിലരുടെ പേരിൽ വായ്പ അനുവദിക്കുന്നതാണെന്നുള്ള ബാങ്കിന്റെ കത്തുകൾ ഉണ്ടെങ്കിലും വായ്പ കൈപ്പറ്റിയോ എന്ന് വ്യക്തമല്ല.

ശ്രീ സുബിൻ വല്ലത്തു തൈവളപ്പിൽ എന്നയാൾക്ക് ഐ.ആർ.ഡി.പി./എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിൽ നിന്നും ധനസഹായമൊന്നും നൽകിയിട്ടില്ല എന്ന ഒരു സാക്ഷ്യപത്രം പട്ടികജാതി വികസന ഓഫീസിൽ നൽകാൻ വേണ്ടി പറവൂർ ബിഡിഒ 17-12-2014ൽ നൽകിയിട്ടുണ്ട്. പറവൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലെ ഒരു പ്രോജക്ട് റിപ്പോർട്ട് പ്രകാരം ടിയാളുടെ പേരിൽ 2,50,000/- രൂപ ചെലവിൽ ഒരു ആപ്പ പാസഞ്ചർ വാങ്ങുന്നതിന്റെ പ്രോജക്ട് റിപ്പോർട്ട് ഫയലിൽ ഉണ്ട്. പട്ടികജാതി വികസന ഓഫീസിൽ നിന്നും ധനസഹായമൊന്നും ലഭിച്ചില്ലെന്നുള്ള സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ ടിയാൾക്ക് ആ ഓഫീസിൽനിന്നും ധനസഹായം ലഭിച്ചോയെന്ന് വ്യക്തമല്ല.

മുഴുവൻ രേഖകളും ഹാജരാക്കാത്തതിനാൽ നിരാകരിച്ച 100000 രൂപ കിഴിച്ച് ബാക്കി 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ചേന്ദമംഗലം വി.ഇ.ഒ. - രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

ചേന്ദമംഗലം വി.ഇ.ഒ. ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. കൃത്യമായ അപേക്ഷകൾ പോലും ഫയലിൽ ഇല്ല. വീട് പുനരുദ്ധാരണം എന്ന പദ്ധതി പ്രകാരം പലർക്കും രജിസ്റ്ററിൽ ഒപ്പിട്ടുവിച്ച് തുക നൽകിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീത്, വാല്യുവേഷൻ എന്നിവയൊന്നും തന്നെ ഇല്ല. വളരെ അലക്ഷ്യമായാണ് വി.ഇ.ഒ. ഫയലുകൾ സൂക്ഷിച്ചിരിക്കുന്നത്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് / നം | ചെലവഴിച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് | 1,50,000 | ശാരീരിക-മാനസിക | 150000 | - |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത്, പറവൂർ | | വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S006/16) | | |
| | 1,00,000 | പെയിൻ&പാലിയേറ്റിവ് കെയർ (S0011/16) | - | 100000 |
| ജില്ലാപഞ്ചായത്ത് | 1,24,635 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S006/16) | 124635 | - |

# 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ / ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KWA | കുന്നത്ത്തളി എസ്.സി. കോളനിയിലേക്ക് വാട്ടർ കണക്ഷൻ | ബിൽ നം 7/15-16 15.07.2015 | 146000 | 146000 | പണി പൂർത്തീകരിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈനുകൾ വലിക്കൽ | ബിൽ നം19/15-16 11.09.2015 | 754520 | 754520 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു | - |
| KWA | ഘടക സ്ഥാപനങ്ങൾക്ക് കുടിവെള്ള കണക്ഷൻ | ഡി.ഡി.നം. 7599154 തീ.20.08.15 | 38000 | 38000 | പണി പൂർത്തീകരിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

# 4-4 വായ്പ / വായ്പ തിരിച്ചടവ്

**(i)** വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം**.**
ഇല്ല

**(ii)** വായ്പ തിരിച്ചടവിന്റെ വിവരം**.**

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. /തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ഭവന വായ്പ | 564/10 ത.സ്വ.ഭ.വ തീ.22.02.10 | 14220464 | 7895464 | 3076905 | - | മുതൽ 4818589 പലിശ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 1619651 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 30250/- രൂപ ഈടാക്കിയിട്ടുണ്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | രസീത് നം. / തീയതി | റിമാർക്സ് |
|---|---|---|---|---|
| 2011-12 | 3-1 | 19,254 | 11508100338/22.04.15 | |
| 2012-13 2013-14 | 2-1 | 150 | 11508100703/20.05.15 | ആൽബർട്ട് |
| | | 150 | 11508100704/20.05.15 | ഷാജൻ.വി.ജി. |
| | | 250 | 11508100675/20.05.15 | കെ.ടി.ഗോപാലകൃഷ്ണൻ |
| | | 250 | 11508100674/20.05.15 | കെ.കെ.ബാലാമണി |
| | | 120 | 11508100308/13.07.15 | കൃഷ്ണ ബാലൻ |
| | 3-2 | 3,147 | 101223/07.07.15 | അനു.ടി. അസി.എഞ്ചിനിയർ |
| | 3-3 | 5,574 | 11508100338/22.04.15 | |
| | 3-4 | 1,355 | 11508101181/29.06.15 | |
| ആകെ | | 30,250 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12 | 2011-12 3-1 | കൃഷിഭവനിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് | 17-06-2015ൽ നിയമസഭാസമിതി മുമ്പാകെ ഫയലുകൾ ഹാജരാക്കി |

# 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു :-

| നം | ആശുപത്രി കളുടെ പേര് | മാനേജിംഗ് കമ്മിറ്റി | വാർഷിക കണക്ക് | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് | ചാർട്ടേഡ് അക്കൗ | റി മാ |
|---|---|---|---|---|---|---|---|

| | | രൂപീകരിച്ച വർഷം / തീയതി | ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | | | പുറപ്പെട്ടുവിച്ച വിവരം | ങ്ങൾ ഓഡിറ്റ് ചെയ്ത വാർഷിക കണക്കിന്റെ വിവരം | ർ ക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയതി | | | | |
| 1 | പി.എച്ച്.സി. | 18.01.2016 | - | - | - | - | - | - |
| 2 | ഹോമിയോ | 17.07.2010 | - | - | - | - | - | - |
| 3 | ആയുർവേദം | 30.09.2016 | - | - | - | - | - | - |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,89,31,523 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,60,04,306 |
| വരവിനങ്ങളിലുള്ള നഷ്ടം | 4,539 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,00,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,34,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 4,539 | ശ്രീ.എം.കെ ഷിബു ,സെക്രട്ടറി |
| 3-5 | 1,00,000 | റിബു വർഗീസ്, VEO |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,00,000 | ഡോ ലീനാറാണി,MO |
| 3-3 | 1,84,000 | ശ്രീ.എം.കെ ഷിബു ,സെക്രട്ടറി |
| 3-4 | 1,50,000 | റിബു വർഗീസ്,VEO |
| 3-5 | 2,00,000 | റിബു വർഗീസ്,VEO |

(സി) കേന്ദ്ര / സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ. നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| ഷിബു എം കെ | സെക്രട്ടറി, ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് | മംഗലത്ത് പറമ്പിൽ, മനക്കപ്പടി, പറവൂർ. |
| റിബു വർഗീസ് | വി.ഇ.ഒ.,<br>പാറക്കടവ് | ക്വാർട്ടേഴ്സ്നം.എക്സ്/36 ഫാക്ട് ടൗൺഷിപ്പ്,ഏലൂർ. |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1979-80 | എൽ എഫ് ഇ (പി2)946/96/തീ.04.4.97 |
| 1993-94 | എൽ എഫ് ഇ (പി2)365/97/തീ.16.6.97 |
| 1998-99 | എൽ എഫ് ഇ (പി2)910/00/തീ.09.05.01 |
| 1999-00, | എൽ എഫ് ഇ (പി2)321/01/തീ.15.09.01 |
| 2000-01 | എൽ എഫ് ഇ (പി2)1384/01/തീ.12.4.02 |
| 2001-02 | എൽ എഫ് ഇ (പി2)1057/03/തീ.14.10.03 |
| 2002-03 | എൽ എഫ് ഇ (പി6)/92/05തീ.14.10.05 |
| 2003-04 | എൽ എഫ് ഇ (പി2)1754/06/തീ.11.02.08 |
| 2004-05 | എൽ എഫ് ഇ (പി2)749/10/തീ.20.04.11 |
| 2005-06 | എൽ എഫ് ഇ (പി2)750/10/തീ.30.04.11 |
| 2006-07 | എൽ എഫ് ഇ (പി2)751/10/തീ.03.03.11 |
| 2008-09 | എൽ എഫ് ഇ (പി2)1751/11/തീ.18.04.12 |
| 2009-10 | എൽ എഫ് ഇ (പി2)1758/11/തീ.18.04.12 |
| 2011-12 | എൽ എഫ് ഇ (പി2)2234/13/തീ.13.12.13 |
| 2012-13<br>2013-14 | എൽ എഫ് ഇ (പി10)291/2015/തീ.19.02.15 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി10)1173/2016 തീ.16.07.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇകെഎം(പി12)1924/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 08.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.12)1924/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 08.12.2016

Certified that I have audited the Annual Financial Statement of CHENDAMANGALAM Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of CHENDAMANGALAM Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director (H.G.)